# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 ഫെബ്രുവരി 21, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 187 - നമ്പർ 2

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### നാലാം സമ്മേളനം

2022 ഫെബ്രുവരി 21, തിങ്കൾ

സ്പീക്കർ
ശ്രീ. എം. ബി. രാജേഷ്

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ

ചീഫ് എഡിറ്റർ
ശ്രീമതി വി. ചെറുപുഷ്പം

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

**ചരമോപചാരം**

പി. ടി. തോമസിന്റെ നിര്യാണം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

2022 ഫെബ്രുവരി 21, തിങ്കൾ

---

വാല്യം 187} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 2

---

നിയമസഭ 2022 ഫെബ്രുവരി മാസം 21-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

മി. സ്പീക്കർ: ഓർഡർ... ഓർഡർ...

**ചരമോപചാരം**

പി. ടി. തോമസിന്റെ നിര്യാണം

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭാംഗമായ പി. ടി. തോമസ് 2021 ഡിസംബർ 22-ന് അന്തരിച്ചു. അദ്ദേഹം കേരള നിയമസഭയിൽ തൃക്കാക്കര നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചുവരികയായിരുന്നു.

ഇടുക്കി ഉപ്പുതോട്-പുതിയാപറമ്പിൽ പരേതരായ തോമസ്-അന്നമ്മ ദമ്പതികളുടെ മകനായി 1950 ഒക്ടോബർ 15-ന് പുതിയാപ്പറമ്പിൽ തോമസ് തോമസ് എന്ന പി. ടി. തോമസ് ജനിച്ചു. ചെറുപ്പത്തിലെ തുടങ്ങിയ വായനാശീലം അദ്ദേഹത്തെ നല്ലൊരു പ്രാസംഗികനാക്കി. പാറത്തോട് ഹൈസ്കൂളിൽ കെ.എസ്.യു.-വിന്റെ സ്കൂൾ പാർലമെന്റ് ചെയർമാനായി. തൊടുപുഴ ന്യൂമാൻ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ്, കോഴിക്കോട്, എറണാകുളം ലോ കോളേജുകൾ എന്നിവിടങ്ങളിൽ നിന്നായി പഠനം പൂർത്തിയാക്കി.

പഠനകാലത്ത് കെ.എസ്.യു.-വിലൂടെ കോൺഗ്രസ് രാഷ്ട്രീയത്തിലേയ്ക്ക് കടന്നുവന്ന പി. ടി. തോമസ് തൊടുപുഴ മണ്ഡലത്തെ പ്രതിനിധീകരിച്ച് ഒൻപതാം കേരള നിയമസഭയിലും പതിനൊന്നാം കേരള നിയമസഭയിലും അംഗമായി. തുടർന്ന്, 2009-ൽ ഇടുക്കിയിൽനിന്ന് ലോക്സഭാംഗമായി. പതിനാലാം കേരള നിയമസഭയിലും പതിനഞ്ചാം കേരള നിയമസഭയിലും തൃക്കാക്കരയിൽനിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, ഇടുക്കി ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. വർക്കിംഗ് പ്രസിഡന്റ്, എ.ഐ.സി.സി. അംഗം, വീക്ഷണം ചീഫ് എഡിറ്റർ

എന്നീ പദവികൾ വഹിച്ച പി. ടി. തോമസ് നിയമനിർമ്മാണ സഭകളിലെ പ്രവർത്തനങ്ങളിൽ തികഞ്ഞ ഉത്തരവാദിത്വവും പ്രതിബദ്ധതയും പുലർത്തിയിരുന്നു. ജാഗ്രതയോടെ സഭാനടപടികൾ നിരീക്ഷിച്ചുകൊണ്ട്, ഒരു സന്ദർഭവും പാഴാക്കാതെ, ശക്തമായി ഇടപെട്ടുകൊണ്ടും നല്ല ഗൃഹപാഠം ചെയ്തുകൊണ്ടും നിയമനിർമ്മാണ വേദികളിൽ പങ്കെടുത്തും പ്രവർത്തിച്ച പി. ടി. തോമസ്, വ്യക്തി, പൊതുപ്രവർത്തകൻ എന്നീ നിലകളിൽ തന്റെ ബോദ്ധ്യത്തിനനുസരിച്ച് അചഞ്ചലമായി നിലകൊണ്ടു. ഭൂരിപക്ഷത്തിന്റെ അനുകൂലാഭിപ്രായം കിട്ടാനായി തന്റെ ശരികളിൽ വിട്ടുവീഴ്ച ചെയ്യാത്ത നേതാവായിരുന്നു അദ്ദേഹം. ഭരണസംവിധാനങ്ങൾക്കുള്ളിലെ തെറ്റുകളായി തനിക്ക് തോന്നുന്ന കാര്യങ്ങൾ അന്വേഷിക്കുകയും അവ പഠിച്ച് സഭയിൽ ഉന്നയിക്കുകയും ചെയ്തിരുന്നതിനാൽ മികച്ച സാമാജികൻ എന്ന നിലയിൽ പി. ടി. തോമസ് ഏറെ ശ്രദ്ധേയനായിരുന്നു.

പാർലമെന്റിൽ ഒരുമിച്ച് പ്രവർത്തിച്ചിരുന്ന കാലത്ത് അദ്ദേഹത്തിൽ കണ്ട സവിശേഷത അഞ്ചുവർഷവും പാർലമെന്റിൽ ഒരു ദിവസംപോലും മുടങ്ങിയിട്ടില്ലെന്നതാണ്. വളരെ ജാഗ്രതയോടും സൂക്ഷ്മതയോടുംകൂടി സഭാനടപടികൾ സശ്രദ്ധം വീക്ഷിച്ചുകൊണ്ട് അച്ചടക്കത്തോടും ഒരു വിദ്യാർത്ഥിയുടെ ജിജ്ഞാസയോടുംകൂടി പാർലമെന്റിലും നിയമസഭയിലും

പങ്കെടുത്തിരുന്നു. സഭ തുടങ്ങുന്നതുമുതൽ സഭ പിരിയുന്നതുവരെ സ്വന്തം സീറ്റിൽത്തന്നെ ഉണ്ടാകുമായിരുന്നു. ചികിത്സയിലിരിക്കെ വെല്ലൂർ ആശുപത്രിയിലെത്തി സന്ദർശിച്ച അവസരത്തിൽ, രോഗം ഭേദമായി നിയമസഭയുടെ അടുത്ത ബഡ്ജറ്റ് സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിയുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. രോഗശയ്യയിലായിരിക്കുമ്പോഴും നിയമസഭാ സാമാജികനെന്ന നിലയിൽ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചാണ് ചിന്തിച്ചത്. ഇപ്പോൾ സഭ സമ്മേളിക്കുമ്പോൾ അദ്ദേഹം നമുക്കൊപ്പമില്ല എന്നത് ഏറെ ദുഃഖകരമാണ്. കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്നിരുന്ന മികച്ച സാമാജികനായി തിളങ്ങിയ വ്യക്തിത്വത്തിനുടമയായിരുന്നു പി.ടി. തോമസ്. കേരളത്തിന്റെ സാമൂഹ്യജീവിതത്തിന് തുടർന്നും ധാരാളം സംഭാവന നൽകേണ്ടിയിരുന്ന പി. ടി. തോമസിന്റെ അകാല വേർപാട് കോൺഗ്രസ്സിന്റെ മാത്രമല്ല രാഷ്ട്രീയത്തിൽ ഉന്നതമൂല്യങ്ങളും ആദർശവും ഉയർത്തിപ്പിടിക്കുന്ന, കക്ഷി-രാഷ്ട്രീയ ഭേദമെന്യേയുള്ള രാഷ്ട്രീയ ചിന്താധാരയ്ക്ക് തന്നെ വലിയ നഷ്ടമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പി. ടി. തോമസിനെക്കുറിച്ച് അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും പൂർണ്ണമായി യോജിക്കുകയാണ്. തീർത്തും അപ്രതീക്ഷിതമായി അകാലത്തിലാണ്

അദ്ദേഹം വിടപറഞ്ഞത്. ഈ നിയമസഭയെ സ്വന്തം വാദമുഖങ്ങൾകൊണ്ട് വലിയതോതിൽ സജീവവും ചടുലവുമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. പി. ടി. തോമസിന്റെ വിയോഗം സഭയുടെ പൊതുവിലുള്ള നഷ്ടമാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ, പി. ടി. തോമസിന് എന്നും തനതായ നിലപാടുകളുണ്ടായിരുന്നു. ചിലപ്പോഴെങ്കിലുമൊക്കെ അത് വ്യക്തിനിഷ്ഠമായി വന്നിരിക്കാം. എങ്കിലും അതൊക്കെ അദ്ദേഹത്തിന്റെ ഉറച്ച നിലപാടുകൾ തന്നെയായിരുന്നു. അതിനോട് യോജിക്കുന്നവരും വിയോജിക്കുന്നവരുമുണ്ടാകാം. ഏതായാലും നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്യാതെ വാദമുഖങ്ങൾ ഉയർത്തുന്നതിലെ കരുത്ത് പി. ടി. തോമസിനെ വ്യത്യസ്തനാക്കി. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തേയ്ക്ക് കടന്നുവന്ന അദ്ദേഹം, അങ്ങ് എടുത്തുപറഞ്ഞതുപോലെ, നാല് തവണ നിയമസഭയിലെത്തുകയും ഒരു തവണ ഇടുക്കിയിൽനിന്നുള്ള പാർലമെന്റ് അംഗമായി പ്രവർത്തിക്കുകയും ചെയ്തു. നിയമസഭയിലും പാർലമെന്റിലും ജനങ്ങളുടെയും നാടിന്റെയും പ്രശ്നങ്ങൾ കരുത്തോടെ ഉന്നയിക്കുന്നതിൽ എന്നും മനസ്സുവച്ചു. പശ്ചിമഘട്ടമുൾപ്പെടെയുള്ള കാര്യങ്ങളിലെ പാരിസ്ഥിതിക പ്രശ്നംപോലുള്ള വിഷയങ്ങളിൽ ഒരു പക്ഷേ, തന്റെ പാർട്ടിക്കും മുന്നണിക്കുപോലും സ്വീകാര്യമല്ലാത്ത നിലപാടിൽ അദ്ദേഹത്തെ

കണ്ടിട്ടുണ്ട്. അതുപോലെ സാമുദായികതയുമായി ബന്ധപ്പെട്ട കാര്യങ്ങളിലും പൊതുസമീപനങ്ങളിൽനിന്നും വ്യത്യസ്തമായ നിലപാടുകളാണ് പലപ്പോഴും സ്വീകരിച്ചത്. അദ്ദേഹത്തിന് ശരിയെന്ന് തോന്നിയ നിലപാട് കൈക്കൊള്ളുകയായിരുന്നു. അതുകൊണ്ടാണ് ചിലപ്പോഴെങ്കിലും വ്യക്തിനിഷ്ഠ നിലപാടുകളായി അവ മാറിയെന്ന് പറയുന്നത്. എങ്ങനെ സ്വീകരിക്കപ്പെടുമെന്ന് നോക്കാതെയുള്ള നിലപാടെടുക്കലാണ് പി. ടി. തോമസിനെ പലപ്പോഴും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പോലും വേറിട്ട വ്യക്തിത്വത്തിന്റെ ഉടമയാക്കിത്തീർത്തത്. തെരഞ്ഞെടുപ്പ് പരാജയങ്ങളിൽ ഒരിക്കലും തളരാതിരുന്ന പി. ടി. തോമസ് രോഗത്തിനുമുന്നിലും തളർന്നില്ല. ആ കരുത്ത് രോഗത്തെ അതിജീവിക്കുന്നതിലേയ്ക്ക് അദ്ദേഹത്തെ നയിക്കുമെന്ന് നാം എല്ലാവരും കരുതി. എന്നാൽ നമ്മുടെ ആ പ്രതീക്ഷകളെയാകെ ഇരുളിലാക്കിക്കൊണ്ടാണ് തീർത്തും ദുഃഖകരമായ ആ വിയോഗമുണ്ടായത്. അങ്ങ് സൂചിപ്പിച്ചതുപോലെ, എഴുത്തും വായനയും അദ്ദേഹത്തിന് എന്നും പ്രിയപ്പെട്ടതായിരുന്നു. സാംസ്കാരിക പ്രവർത്തനങ്ങളെ രാഷ്ട്രീയ പ്രവർത്തനങ്ങളോടൊപ്പം മുന്നോട്ട് കൊണ്ടുപോകുന്ന സവിശേഷമായ ശൈലി അദ്ദേഹത്തിനുണ്ടായിരുന്നു. ആ സാംസ്കാരികാഭിമുഖ്യത്തിന്റെ സ്വാഭാവിക പരിണതിയാകണം അന്ത്യയാത്ര

വയലാറിന്റെ ഗാനത്തിന്റെ അന്തരീക്ഷത്തിൽ ആകണമെന്ന അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം. 'മതിയാകുംവരെ ഇവിടെ ജീവിച്ച് മരിച്ചവരുണ്ടോ' എന്ന വയലാറിന്റെ ഗാനത്തിലെ വരികൾ ശരിക്കും പി. ടി. തോമസിന്റെ മനസ്സിലുണ്ടായിരുന്ന ജീവിതത്തോടുള്ള സ്നേഹത്തിന്റെ മുഴക്കം കൂടിയാണ്. രാഷ്ട്രീയത്തിൽ മതം ഇടപെടുന്നത് അപകടമാണെന്ന് അദ്ദേഹം ചിന്തിക്കുകയും അത് മുൻനിർത്തി സ്വന്തം മരണാനന്തര ചടങ്ങുകളുടെ സ്വഭാവം മതനിരപേക്ഷമാകണമെന്ന് ശഠിക്കുകയും ചെയ്തു. കുടുംബത്തിലും രാഷ്ട്രീയത്തിലും മതനിരപേക്ഷത ഒരുപോലെ പരിപാലിക്കുന്നതിൽ ശ്രദ്ധവച്ച നേതാവായിരുന്നു പി. ടി. തോമസ്. കഴിഞ്ഞ വർഷം ഒക്ടോബർ 29-നാണ് അദ്ദേഹം അവസാനമായി ഈ സഭയിൽ വന്നത് എന്നാണ് തോന്നുന്നത്. ആ ദിവസവും തനിക്ക് ശരിയെന്ന് തോന്നിയ ചില കാര്യങ്ങൾ പറഞ്ഞു. സഭയിൽ ആ ശബ്ദം പ്രതിധ്വനിച്ചു. യോജിക്കുകയോ വിയോജിക്കുകയോ ചെയ്യാം. എന്നാൽ കേട്ടില്ലെന്ന് നടിക്കാൻ ആർക്കും സാദ്ധ്യമാകാത്ത തരത്തിലുള്ളതായിരുന്നു ആ ശബ്ദം. സഭയിൽ വിഷയങ്ങൾ ഗാഢമായി പഠിച്ച് അവതരിപ്പിക്കുന്നതിൽ എപ്പോഴും ശ്രദ്ധാലുവായിരുന്നു. കഷ്ടപ്പാടുകൾ നിറഞ്ഞ ഒരു ബാല്യകാല സാഹചര്യത്തിൽനിന്നാണ് പി. ടി. തോമസ് വന്നത്. ആ ലാളിത്യം അദ്ദേഹം ജീവിതത്തിലുടനീളം

കൊണ്ടുനടന്നു. അദ്ദേഹത്തിന്റെ അകാലത്തിലുണ്ടായ ദുഃഖകരമായ വേർപാട് കേരളത്തിന്റെ പൊതു-രാഷ്ട്രീയ രംഗത്തിനാകെ വലിയ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. പി. ടി. തോമസിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, അവിശ്വസനീയമായ വേർപാടാണ് പി. ടി. തോമസിന്റേത്. ഈ ഭൂമിയിൽ ജീവിച്ച് കൊതിതീരാതെയാണ് പി. ടി. തോമസ് നമ്മളിൽ നിന്നും വേർപെട്ടുപോയത്. പി. ടി. തോമസ് ഇല്ലാത്ത ഒരു നിയമസഭ യു.ഡി.എഫ്.-ന് ഉൾക്കൊള്ളാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു കാലത്ത് മനുഷ്യൻ ചെന്നെത്താൻ ബുദ്ധിമുട്ടിയിരുന്ന ഇടുക്കിയിലെ ഉൾനാടൻ ഗ്രാമത്തിൽനിന്നും കടന്നുവന്ന് കേരളത്തിലെ സാമൂഹ്യ-രാഷ്ട്രീയ രംഗത്ത് ഇടിമുഴക്കങ്ങളുണ്ടാക്കിയിട്ടാണ് പി. ടി. തോമസ് കടന്നുപോയത്. വളരെയധികം വ്യത്യസ്തനായ ഒരാളായിരുന്നു പി. ടി. തോമസ് എന്നത് നമുക്കെല്ലാവർക്കുമറിയാം. നിലപാടുകളിലെ കാർക്കശ്യമായിരുന്നു അദ്ദേഹത്തെ എന്നും വ്യത്യസ്തനാക്കിയിരുന്നത്. ഓരോ കാര്യങ്ങളും പഠിച്ച് മനസ്സിലാക്കി തനിക്ക് വരുന്ന ബോദ്ധ്യങ്ങളിലേയ്ക്ക് മറ്റുള്ളവരെ കൊണ്ടുവരാനും

അതിലുറച്ചുനിൽക്കാനും എന്നും കരുത്തുകാട്ടിയിട്ടുണ്ടെന്നുള്ളതാണ് അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. ഞങ്ങളെ സംബന്ധിച്ചിടത്തോളം കേരളത്തിലെ വിദ്യാർത്ഥി-യുവജന രാഷ്ട്രീയത്തിലെ അഗ്നിയായിരുന്നു പി. ടി. തോമസ്. അവസാനസമയത്തും വിദ്യാർത്ഥി രാഷ്ട്രീയ കാലഘട്ടത്തിലെ ഉള്ളിലെ തീ അണയാതെ കാത്തുസൂക്ഷിച്ചുവെന്നതാണ് പി. ടി. തോമസിനെ വീണ്ടും വ്യത്യസ്തനാക്കുന്നത്. കുറേക്കാലം കഴിയുമ്പോൾ നമ്മുടെ തീപ്പൊരിയെല്ലാം നനഞ്ഞുപോകും, പക്ഷേ അവസാന ശ്വാസംവരെ ആ തീ കെടാതെ സൂക്ഷിക്കാൻ പി. ടി. തോമസിന് കഴിഞ്ഞു. ഏത് നിയോഗം ഏറ്റെടുക്കുമ്പോഴും അതിനോട് പൂർണ്ണമായ പ്രതിബദ്ധത പുലർത്തുന്നതിലും അതിനെ പൂർണ്ണമായ അർത്ഥത്തിൽ സാക്ഷാത്കരിക്കുന്നതിന് കഠിനമായി അദ്ധ്വാനിക്കുന്നതിലും പി. ടി. തോമസ് എപ്പോഴും ശ്രദ്ധിച്ചിരുന്നു. സംഘടന കൊടുക്കുന്ന നിയോഗങ്ങളാണെങ്കിലും പൊതുനിയോഗങ്ങളാണെങ്കിലും ജനപ്രതിനിധി എന്നുള്ള നിലയിൽ അവയെ വ്യത്യസ്തമാക്കാനും പൂർണ്ണതയിലെത്തിക്കാനും അദ്ദേഹം നടത്തിയിട്ടുള്ള കഠിനാധ്വാനം വളരെ ശ്രദ്ധേയമാണ്. കേരളത്തിലെ രാഷ്ട്രീയകാര്യങ്ങളിലും പാരിസ്ഥിതിക പ്രശ്നങ്ങളിലുമുണ്ടായിരുന്ന ഉറച്ചനിലപാടുകൾ പലപ്പോഴും വിവാദങ്ങളായി

മാറിയിട്ടുണ്ട്. അതിലൊന്നും വിട്ടുവീഴ്ചയില്ലാതെ, തളർന്നുപോകാതെ, പിന്തിരിഞ്ഞോടാതെ അതിനെ മറികടക്കാൻ വേണ്ടിയുള്ള ആർജ്ജവത്തോടുകൂടി അദ്ദേഹം എന്നും നിലനിന്നിരുന്നു. ആദ്യകാലത്ത് നിയമസഭാംഗമായപ്പോൾ ജലസേചന വകുപ്പുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയിൽ അദ്ദേഹം അംഗമായിരുന്നു. അന്ന് ഞാൻ എം.എൽ.എ. അല്ല; പക്ഷേ കേരളത്തിലെ നദീജല കരാറുകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അന്വേഷണം, ഗവേഷണം, പഠനം ഏതറ്റംവരെയും പോകുമായിരുന്നുവെന്നത് ഓർക്കാറുണ്ട്.

മുല്ലപ്പെരിയാർ കരാറുമായി ബന്ധപ്പെട്ട് എഴുപതുകളുടെ തുടക്കത്തിൽ പനമ്പിള്ളി ഗോവിന്ദമേനോൻ പേരുവയ്ക്കാതെ ഒരു ലേഖനം എഴുതിയിരുന്നു. കൊച്ചിയിൽനിന്നും പി. വി. തമ്പി പ്രസിദ്ധീകരിച്ചിരുന്ന 'വീക്കിലി കേരള' എന്ന ആദ്യത്തെ ഇംഗ്ലീഷ് വീക്കിലിയിലാണ് മുല്ലപ്പെരിയാർ കരാറിനെ വിമർശിച്ചുകൊണ്ട് പനമ്പിള്ളി ഗോവിന്ദമേനോൻ എഴുതിയത്. എഴുപതുകളുടെ തുടക്കത്തിലെഴുതിയ ലേഖനമന്വേഷിച്ച് പി. ടി. തോമസ് കൊച്ചിയിൽ തമ്പി സാറിനെ കാണാൻ വന്നത് ഞാൻ ഇന്നും ഓർക്കുന്നു. അങ്ങനെ കിട്ടാവുന്ന രേഖകൾ മുഴുവൻ സമാഹരിച്ച് തന്റെ വാദമുഖങ്ങളെ സമ്പന്നമാക്കുന്നതിന് ഗവേഷണം നടത്തുകയും പഠനം നടത്തുകയും

ചെയ്യുമായിരുന്നു. സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച മാനവസംസ്കൃതിയുടെ പ്രവർത്തനങ്ങൾ, കേരളത്തിലെ സാംസ്കാരിക പ്രവർത്തകരുമായിട്ടുള്ള അദ്ദേഹത്തിന്റെ ബന്ധങ്ങൾ, പരന്ന വായന, എഴുതാനുള്ള ആഗ്രഹങ്ങൾ ഇതെല്ലാം സാംസ്കാരിക രംഗത്തും വളരെ വ്യത്യസ്തനാക്കിയിരുന്നു. എല്ലാ പോരാട്ടത്തിന്റെയും മുൻപന്തിയിൽനിന്നുകൊണ്ട് കുന്തമുനയായി മാറിക്കൊണ്ടിരുന്ന പോരാളിയായിരുന്നു പി. ടി. തോമസ്. 2010-ൽ ഇതര സംസ്ഥാന ലോട്ടറി മാഫിയക്കെതിരായ പോരാട്ടം നടത്തുമ്പോൾ പി. ടി. തോമസ് എം. പി. ആയിരുന്നുവെന്നത് ഞാനോർക്കുന്നു. അന്ന് ഡൽഹിയിലെ ഞങ്ങളുടെ കരുത്ത് പി. ടി. തോമസ്സായിരുന്നു. ഡൽഹിയിലെ പാർലമെന്റിലും ആഭ്യന്തര-ധനകാര്യ മന്ത്രാലയങ്ങളിൽ കടന്നുചെന്ന് ലോട്ടറി മാഫിയകളുടെ പ്രവർത്തനങ്ങൾ കണ്ടെത്തി അതിനെ ശക്തമായി എതിർക്കാൻ നടത്തിയ പോരാട്ടത്തിന് പിന്തുണ നൽകിയതും പി. ടി. തോമസ്സാണ്.

എന്റെ ജ്യേഷ്ഠ സഹോദരൻ കൂടിയാണദ്ദേഹം. ഞാൻ തേവര സേക്രട്ട് ഹാർട്ട് കോളേജിൽ കെ.എസ്.യു.-വിന്റെ യൂണിറ്റ് പ്രസിഡന്റായിരുന്നപ്പോൾ അദ്ദേഹം കെ.എസ്.യു.-വിന്റെ സംസ്ഥാന പ്രസിഡന്റായിരുന്നു.

വാത്സല്യത്തോടും സ്നേഹത്തോടുംകൂടി അദ്ദേഹം രാഷ്ട്രീയ രംഗത്തേയ്ക്ക് കൈപിടിച്ചുകൊണ്ടുവന്നവരിൽ ഒരാൾ കൂടിയാണ് ഞാൻ എന്നത് അഭിമാനത്തോടെ ഈ അവസരത്തിൽ പറയാനാഗ്രഹിക്കുന്നു. അവസാന ആഗ്രഹം പറയുമ്പോഴും ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, കേരളത്തിന്റെ ഓർമ്മകളിൽ അദ്ദേഹം വ്യത്യസ്തനാവുകയായിരുന്നു. വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ആർജ്ജവത്തോടുകൂടി അത് നടപ്പാക്കുകയും ചെയ്തിരുന്ന ഒരാളാണദ്ദേഹം. കേരള സമൂഹത്തിൽ ജാതിമത ചിന്തകൾക്കതീതമായി മതേതരത്വത്തിന്റെ കൊടിക്കൂറ ഉയർത്തിപ്പിടിക്കാൻ എന്നും ശ്രമിച്ചിരുന്ന ഒരാൾ കൂടിയായിരുന്നു പി. ടി. തോമസ്. ഞങ്ങളെപ്പോലെയുള്ള കേരളത്തിലെ പൊതുപ്രവർത്തകർക്ക് ഇനി വരാനിരിക്കുന്ന നാളുകളിൽ ഞങ്ങളുടെ വഴികളിലെ പ്രകാശഗോപുരമായി പി. ടി. തോമസ് നിൽക്കും എന്നെനിക്കുറപ്പുണ്ട്. പ്രിയങ്കരനായ ജ്യേഷ്ഠ സഹോദരന്റെ ഓർമ്മകൾക്കുമുന്നിൽ ഞാൻ ആദരവുകളർപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇവിടെ പി. ടി. തോമസിനെക്കുറിച്ച് പറഞ്ഞ നന്മനിറഞ്ഞ അഭിപ്രായങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്.

പാലായിൽനിന്നും ഇടുക്കിയിലെ കാമാക്ഷി പഞ്ചായത്തിലേയ്ക്ക് പുറപ്പെട്ട അദ്ദേഹത്തിന്റെ കുടുംബം ഏറെ പ്രയാസപ്പെട്ടാണ് അവിടെ ജീവിച്ചുപോന്നിരുന്നതെന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. ഉപ്പുതോട് ഗ്രാമത്തിൽ അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ മുറുക്കാൻ കടയുടെ മുറ്റത്തിരുന്ന് ബീഡി തെറുക്കാനും അപ്പനെ സഹായിക്കാൻ കൃഷിയിടത്തിലിറങ്ങി തൂമ്പയെടുത്ത് പ്രവർത്തിക്കാനുമൊക്കെ സന്നദ്ധനായിരുന്ന ചെറുപ്പക്കാരനായ വിദ്യാർത്ഥിയെ തീർച്ചയായും ഓർത്തേ മതിയാകൂ. ഇവിടെ സൂചിപ്പിച്ചതുപോലെ, അദ്ദേഹം കെ.എസ്.യു.-വിന്റെ പ്രവർത്തനത്തിലൂടെ സ്കൂൾ പാർലമെന്റിലെ ചെയർമാനായി മാറി. പിൽക്കാലത്ത് ഇന്ത്യൻ പാർലമെന്റിലെ അംഗമായശേഷം അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കാൻ കഴിഞ്ഞുവെന്നത് ഇവിടെ പരാമർശിക്കപ്പെട്ട കാര്യമായതുകൊണ്ട് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. പ്രതികൂല സാഹചര്യം നിലനിന്നിരുന്ന തന്റെ ജീവിതത്തിലെ ആദ്യകാലഘട്ടത്തിൽ നിന്നെല്ലാമുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിലും അദ്ദേഹം രാഷ്ട്രീയത്തിലേയ്ക്ക് കടന്നുചെല്ലുന്നതിന് സ്വീകരിച്ച പരന്ന വായനയിലൂടെയുമാണ് മുന്നോട്ടുപോയതെന്ന് കാണാൻ കഴിയും.

അങ്ങനെയുള്ള ആ ജീവിതം ഒരു വ്യത്യസ്തനായ രാഷ്ട്രീയക്കാരനും പൊതുപ്രവർത്തകനുമാക്കി മാറ്റിയെന്നുള്ളതാണ് നമ്മുടെ മുന്നിലുള്ള അനുഭവം. ഈ സാഹചര്യത്തിലെല്ലാം താൻ കടന്നുവന്ന മണ്ണിനോടും പ്രകൃതിയോടും പരിസ്ഥിതിയോടുമുള്ള പ്രതിബദ്ധത അദ്ദേഹം ഉറക്കെപ്പറയുകയും പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയുംചെയ്തു.

ഖനന മാഫിയയ്ക്കും മറ്റുമെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്ത പി. ടി. തോമസിന് അതിന്റെയെല്ലാം എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ടെന്നത് നമുക്കറിയാം. മനോഹരമായ പ്രകൃതിയെ കാത്തുസൂക്ഷിച്ച് അടുത്ത തലമുറയ്ക്ക് നൽകേണ്ടത് മനുഷ്യന്റെ ഉത്തരവാദിത്വമാണെന്ന് നിരന്തരം വിളിച്ചുപറഞ്ഞുകൊണ്ടേയിരുന്നു. പശ്ചിമഘട്ട മലനിരകളെ ഒരു ചേതവും വരാതെ കാത്തുസൂക്ഷിക്കണമെന്ന ശ്രീ. മാധവ് ഗാഡ്ഗിലിന്റെ നിർദ്ദേശങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് സംസാരിച്ചിരുന്നതിനാൽ ഒട്ടേറെ നഷ്ടവും പ്രയാസവും അനുഭവിക്കേണ്ടിവന്നു. പക്ഷേ അതിൽ എന്തെല്ലാം ചേതം വരുമെന്നും തനിക്കെന്ത് നഷ്ടം വരുമെന്നും അദ്ദേഹം ആലോചിച്ചതേയില്ല. എപ്പോഴും നിർഭയനായി തന്റെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടേയിരുന്നു എന്നതാണ് പാർലമെന്റിലായാലും നിയമസഭയിലായാലും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലേയ്ക്ക്

തിരിഞ്ഞുനോക്കുമ്പോൾ കാണാൻ കഴിയുന്നത്. ഒപ്പം നിന്നവർ കൈവിട്ടപ്പോഴും രാഷ്ട്രീയമായ പ്രതിസന്ധി നേരിട്ടപ്പോഴും പറഞ്ഞതൊന്നും പി. ടി. തോമസ് മാറ്റിപ്പറഞ്ഞിട്ടില്ല; അതിന് തയ്യാറായിട്ടുമില്ല. കമ്മ്യൂണിസത്തോട് എതിർപ്പുണ്ടായിരുന്ന അദ്ദേഹം കിട്ടുന്ന അവസരത്തിലെല്ലാം തന്റെ അനിഷ്ടം പ്രകടിപ്പിക്കുമ്പോഴും കമ്മ്യൂണിസ്റ്റുകാരിലെ നന്മയെ അംഗീകരിക്കുന്നതിൽ പ്രയാസമുണ്ടായിരുന്നില്ല എന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ തെളിയിച്ചിട്ടുള്ളതും പെരുമാറ്റത്തിൽനിന്ന് ഉൾക്കൊള്ളാൻ കഴിയുന്നതുമാണ്. രാഷ്ട്രീയമായി ഒപ്പംനിൽക്കുന്നവരുടെ തിന്മനിറഞ്ഞ പ്രവർത്തനങ്ങളെ എതിർക്കാനും അദ്ദേഹം തയ്യാറായി. ശക്തമായ അനിഷ്ടങ്ങൾക്കൊപ്പം അതിശക്തമായ ഇഷ്ടങ്ങൾ സൂക്ഷിച്ച ഒരു ഹൃദയത്തിന്റെ ഉടമയായിരുന്നു പി. ടി. തോമസ്. പി. ടി. തോമസിന്റെ അകാലനിര്യാണം നമുക്കെല്ലാവർക്കും ഉണ്ടാക്കിയിട്ടുള്ള വേദനയും ഈ സഭയ്ക്കുണ്ടാക്കിയ നഷ്ടവും ഈ നാടിനുണ്ടാക്കിയ നഷ്ടവും എല്ലാവരിലൂടെയും പ്രകടിപ്പിക്കപ്പെട്ടത് ഞാൻ ആവർത്തിക്കുന്നു. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാന്യരായ സഭാദ്ധ്യക്ഷനും

മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇ. ചന്ദ്രശേഖരനും പറഞ്ഞ അഭിപ്രായത്തോട് എല്ലാവർക്കും യോജിപ്പ് തന്നെയാണുള്ളത്. ജീവിതത്തെക്കുറിച്ച് കൊതിതീർന്നിട്ടില്ലെന്ന് പി. ടി. തോമസ് പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ നിയമസഭാ പ്രവർത്തനങ്ങളും രീതികളും അതിലെ ചടുലതയും ചുറുചുറുക്കുമൊക്കെ കണ്ട് നമുക്കും കൊതിതീർന്നിട്ടില്ല. അത്ര നിറഞ്ഞുനിൽക്കുമ്പോഴാണ് പി. ടി. തോമസ് വിടവാങ്ങുന്നത്. സത്യത്തിൽ വിശ്വസിക്കാൻ പ്രയാസമായിരുന്നു, ജീവസ്സുറ്റതായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. ഒരസുഖവും അദ്ദേഹത്തിനുള്ളതായി തോന്നിയിട്ടില്ല. ഇവിടെ വന്നിരിക്കുമ്പോൾ ഇന്ന് എന്താണെന്ന് ചോദിക്കുന്ന തരത്തിൽ അദ്ദേഹത്തിന്റെ കയ്യിൽ എന്നും എന്തെങ്കിലുമുണ്ടാകും. അത് ആത്മാർത്ഥതയില്ലാതെ, പഠിക്കാതെ അവതരിപ്പിക്കുന്നതല്ല. തനിക്ക് ബോദ്ധ്യമുള്ള കാര്യങ്ങളെക്കുറിച്ച് റിസർച്ച് ചെയ്ത്, അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് സഭയിൽ അവതരിപ്പിക്കുന്ന ഒരു പാർലമെന്റേറിയൻ, നിയമസഭാംഗമായിരുന്നു പി. ടി. തോമസ്. അതായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വം. പി. ടി. തോമസ് പ്രഗത്ഭനായൊരു നിയമസഭാംഗവും പാർലമെന്റേറിയനുമായിരുന്നു. എല്ലാ നേതാക്കളും പറഞ്ഞതുപോലെ നേതൃത്വം കൊടുക്കാൻ കഴിവുള്ളതും

പൊതുരംഗത്ത് നല്ലതുവരണമെന്ന സദുദ്ദേശ്യ ചിന്തയുമൊക്കെയുള്ള ഒരാളായിരുന്നു എന്നുപറയുന്നത് വെറുതെയല്ല, അദ്ദേഹം അതായിരുന്നു. വളരെയധികം വിലകൊടുക്കേണ്ടിവരുമെന്ന് തോന്നിയാലും സ്വന്തം ആദർശത്തിൽ ഉറച്ചുനിന്നിട്ടുണ്ട്. അതൊക്കെ ഇവിടെ എല്ലാവരും പറയുകയുണ്ടായി. അത് അദ്ദേഹത്തെക്കുറിച്ചുള്ള സത്യസന്ധമായ വിലയിരുത്തലുകളാണ്. വളരെയധികം സമ്മർദ്ദമുണ്ടായിട്ടും പ്രകൃതിയോടും പാരിസ്ഥിതിക വിഷയങ്ങളോടും തന്റേതായ നിലപാട് അദ്ദേഹത്തിനുണ്ടായിരുന്നു. ആ നിലപാടുകളെ ഒരളവുവരെ മാത്രമേ കോംപ്രമൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ. വ്യക്തിപരമായ സംസാരത്തിൽപ്പോലും ആ വീക്ഷണം അദ്ദേഹം ഷെയർ ചെയ്തിട്ടുമുണ്ട്. മതേതര കാഴ്ചപ്പാടിലും അദ്ദേഹത്തിന് വ്യക്തിപരമായ സമീപനമുണ്ടായിരുന്നു. അതിൽ വിട്ടുവീഴ്ച ചെയ്യാതെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ജനങ്ങൾക്ക് പി.ടി. തോമസിനോടുണ്ടായിരുന്ന സ്നേഹവും അടുപ്പവും അദ്ദേഹത്തിന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുത്തപ്പോഴുണ്ടായ അവരുടെ ഭാവങ്ങളിൽനിന്നും കൂട്ടംകൂട്ടമായി അവർ പങ്കെടുക്കുന്നത് കണ്ടപ്പോഴും മനസ്സിലാക്കാൻ സാധിച്ചു. മരണപ്പെട്ടപ്പോഴാണ് ജനങ്ങൾക്ക് ഇത്രയധികം ആദരവ് അദ്ദേഹത്തോട്

ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ സാധിച്ചത്. ദേശീയതലത്തിൽ വലിയൊരു നേതാവ് മരിച്ചതുപോലെയാണ് അനുഭവപ്പെട്ടത്. അവിചാരിതമായി, വളരെ പെട്ടെന്നുണ്ടായ മരണം നമുക്കെല്ലാവർക്കും നഷ്ടബോധമുണ്ടാക്കുന്നുണ്ട്. അത് അക്ഷരാർത്ഥത്തിൽ പൊതുപ്രവർത്തന രംഗത്തും നിയമസഭയ്ക്കും പാർലമെന്റിനും കോൺഗ്രസ് പാർട്ടിക്കും ജനങ്ങൾക്കുമൊക്കെ വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്. ആ ദുഃഖത്തിൽ എല്ലാവരെയും പോലെ ഞാനും എന്റെ കക്ഷിയും പങ്കുചേരുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാന്യരായ സ്പീക്കറുടെയും മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും കക്ഷിനേതാക്കളുടെയും വികാരപരമായ വാക്കുകൾ നമ്മെ സംബന്ധിച്ചിടത്തോളം ഏറെ ബുദ്ധിമുട്ടുളവാക്കുന്ന ഒന്നാണ്. വികാരപരമായിരുന്നു അവരുടെയെല്ലാം വാക്കുകൾ. നിയമസഭയിൽ പി. ടി. തോമസ് ഇല്ലെന്ന് വിശ്വസിക്കാൻ സാധിക്കുന്നില്ല. ഇടുക്കിയിലെ ഉപ്പുതോട് പുതിയാപറമ്പിൽ തോമസ്-അന്നമ്മ ദമ്പതികളുടെ മകനായി ജനിച്ച തോമസ് തോമസ്, കേരള പൊതുസമൂഹത്തിൽ 'പി.ടി' എന്ന ചുരുക്കനാമത്തിൽ അറിയപ്പെടുന്ന അദ്ദേഹത്തിന്റെ ജീവിത ദർശനങ്ങളും പ്രവർത്തനങ്ങളും നിശ്ചയദാർഢ്യവും നിർഭയത്വവും നമ്മളെയേറെ

ചിന്തിപ്പിക്കുന്ന ഒന്നാണ്. ഏതിനോടും സന്ധിചേർന്ന് തന്റെ നിലപാടുകളെ മാറ്റിമറിക്കാൻ പി. ടി. തോമസ് ഒരിക്കലും തയ്യാറായിട്ടില്ല. രാഷ്ട്രീയപരമായി പ്രത്യയശാസ്ത്ര എതിർപ്പുകളോട് ശക്തമായി പോരാടുമ്പോഴും സഹകരണവും സ്നേഹവും കാത്തുസൂക്ഷിക്കാൻ പി. ടി. തോമസ് എന്നും പ്രതിജ്ഞാ-ബദ്ധനായിരുന്നു. കേരളത്തിലെവിടെയും അദ്ദേഹത്തോടുള്ള സൗഹൃദം കാണാൻ കഴിയുന്നുണ്ട്. ആ സൗഹൃദം വളർത്തിയെടുക്കാനും കാത്തുസൂക്ഷിക്കാനും അതിലുപരി ആ ബന്ധം തന്റെ പ്രസ്ഥാനത്തിലേയ്ക്ക് ആനയിച്ചുകൊണ്ടുവന്ന് എത്തിക്കുന്നതിനും അദ്ദേഹം നടത്തിയിട്ടുള്ള ശ്രമങ്ങൾ ഞാൻ നോക്കി കണ്ടിട്ടുണ്ട്. ഇടുക്കിയിൽനിന്ന് ഞാൻ 2001-ൽ നിയമസഭയിലേയ്ക്ക് വിജയിച്ചുവരുമ്പോൾ അദ്ദേഹം തൊടുപുഴ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിൽ വന്നു. ആദ്യമായി നിയമസഭയിലേയ്ക്ക് വന്നപ്പോൾ പി. ടി. തോമസ് പറഞ്ഞൊരു വാക്ക് ഞാൻ ഓർക്കുന്നു, 'റോഷി എന്റേയും കൂടി എം.എൽ.എ.-ആണ്' എന്ന്. ഇടുക്കിയിലെ ഉപ്പുതോട്ടിലാണ് അദ്ദേഹത്തിന്റെ വീട്. സഭയിലെ ഓരോ കാര്യങ്ങളിലും ഇടപെടലുകളിലും ആവശ്യമുണ്ടെങ്കിൽ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ അദ്ദേഹം ഒരിക്കലും മറന്നിട്ടില്ല. അതോടൊപ്പം കുടിയേറ്റ ഗ്രാമമായ ഇടുക്കിയിൽ ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തനങ്ങളും

വായനാശീലം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ വഹിച്ച പങ്കും ചെറുതായി ഞാൻ കാണുന്നില്ല. തന്റേതായ നിലപാടുകളായിരുന്നു അദ്ദേഹത്തെ വേറിട്ട് നിർത്തിയത്. അതെല്ലാം അനുഭവവേദ്യമായിരുന്ന ഈ സഭയിൽ ആ ശബ്ദം ഇനി ഉയരുകയില്ലെന്നത് ഹൃദയവേദനയോടുകൂടിയാണ് നമ്മളെല്ലാവരും ഓർക്കുന്നത്. ഒരു ജ്യേഷ്ഠസഹോദരന്റെ സ്ഥാനത്താണ് ഞാൻ പി. ടി.-യെ കണ്ടിട്ടുള്ളത്. അത്രയേറെ സൗഹൃദം കാത്തുസൂക്ഷിക്കാനാവശ്യമായ പിന്തുണയും പിൻബലവും അദ്ദേഹം നൽകിയിട്ടുണ്ട്. എം.എൽ.എ. ഹോസ്റ്റലിൽ അടുത്തടുത്ത മുറികളിയിരുന്നു ഞങ്ങളുടെ താമസം. രാവിലെ നിയമസഭയിലേയ്ക്ക് പോകാനിറങ്ങുമ്പോഴും വരുമ്പോഴും ആ സൗഹൃദം തിരിച്ചുകിട്ടുന്നതും ഞാനോർക്കുന്നു. രാഷ്ട്രീയ സമവാക്യങ്ങൾ മാറിമറിയുമ്പോഴും സഭയിൽ വരികയും ധീരമായ ആശയങ്ങൾക്കുവേണ്ടി പോരാടുകയും ചെയ്യുമ്പോഴും സൗഹൃദം കാത്തുസൂക്ഷിക്കാൻ മറന്നിരുന്നില്ല. അത്തരം കാര്യങ്ങളെല്ലാം ഓർമ്മയിലേയ്ക്ക് കടന്നുവരികയാണ്. കെ.എസ്.യു. രാഷ്ട്രീയത്തിലൂടെ അദ്ദേഹം കോൺഗ്രസ് പ്രസ്ഥാനത്തിലേയ്ക്ക് കടന്നുവന്നു. കോൺഗ്രസ് നേതൃത്വത്തിന്റെ പടവുകളിലേയ്ക്ക് വരാൻ സാധിച്ചപ്പോഴും പി. ടി. തോമസ് തന്റെ നിലപാടുകളിൽ ഉറച്ചുനിന്നു. അതാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കിയത്. ആ നിലപാടുകൾക്ക് അദ്ദേഹം കൊടുത്ത വില

ചെറുതായി കാണാൻ കഴിയുന്നില്ലെന്നതാണ് പ്രധാനപ്പെട്ട കാര്യം. കോവിഡ് പശ്ചാത്തലത്തിലാണെങ്കിലും പി. ടി.-യുടെ ശവസംസ്കാര ശുശ്രൂഷയിൽ, വിലാപയാത്രയിൽ ആയിരങ്ങളാണ് പല സ്ഥലങ്ങളിൽനിന്നും എത്തിച്ചേർന്ന് അന്ത്യാഞ്ജലി അർപ്പിക്കാൻ തയ്യാറായത്. ഇതെല്ലാം നമ്മുടെ ഓർമ്മകളിൽ നിൽക്കുന്നു. ഇനി പി. ടി. നമ്മോടൊപ്പം ഇല്ലെങ്കിലും അദ്ദേഹത്തെ സ്നേഹിക്കുന്നവരുടെ മുമ്പിൽ, കണ്ടുമുട്ടിയവരുടെ മുമ്പിൽ, പരിചയപ്പെട്ടവരുടെ മുമ്പിൽ ദീപ്തമായ ഓർമ്മകളായി പ്രോജ്ജ്വലമായ സ്മരണയ്ക്കുമുന്നിൽ നമുക്കെന്നും അദ്ദേഹത്തെ ഓർക്കേണ്ടിവരും. ആ ദീപ്തമായ സ്മരണയ്ക്കുമുമ്പിൽ ഞാൻ എന്റെ ശിരസ്സ് നമിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. വളരെ വ്യത്യസ്തനായ, കാര്യങ്ങൾ നന്നായി പഠിക്കുന്ന, ശക്തമായ നിലപാടുകൾ സ്വീകരിക്കുന്ന ഒരു അത്യുജ്ജ്വല പ്രതിഭയെയാണ് നഷ്ടപ്പെട്ടത്. പി. ടി. തോമസ് എന്നും നിയമസഭയിലെത്തുന്നത് കുത്തിക്കുറിച്ച കുറേ നോട്ടുകളുമായിട്ടാണ്. വിഷയങ്ങൾ വിശദമായി പഠിച്ച് നിയമസഭയിൽ അവതരിപ്പിക്കുന്ന പി. ടി. തോമസ്, പഠനത്തിലും പ്രണയത്തിലും രാഷ്ട്രീയത്തിലുമെല്ലാം

വ്യത്യസ്ത പാതയിലൂടെ, ജീവിതയാത്രയിലൂടെ കടന്നുപോയ വ്യക്തിയാണ്. അദ്ദേഹത്തിന്റെ വിയോഗം തീരാനഷ്ടമാണ്. എപ്പോഴും നന്നായി വ്യക്തിബന്ധങ്ങൾ പുലർത്തിയിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. നിരവധി തവണ ഞങ്ങൾ തമ്മിൽ മത്സരിച്ചിട്ടുണ്ട്. ഞാൻ ഒരു തവണ തോൽക്കുകയും അടുത്ത തവണ ജയിക്കുകയും ചെയ്തു. അതൊന്നും വ്യക്തിബന്ധങ്ങളെ ഒരിക്കലും ബാധിച്ചിരുന്നില്ല. ഒരു എം.എൽ.എ. എന്ന നിലയിൽ എവിടെപ്പോയാലും ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. തൊടുപുഴയിലാണെങ്കിലും തൃക്കാക്കരയിലാണെങ്കിലും പാർലമെന്റ് മണ്ഡലത്തിലാണെങ്കിലും അവിടെയെല്ലാം ഓടിനടന്ന് പ്രവർത്തിക്കുന്ന പി. ടി. തോമസിന് കെ.എസ്.യു.-വിന്റെ സംസ്ഥാന പ്രസിഡന്റ്, ഇടുക്കി ഡി.സി.സി. പ്രസിഡന്റ്, വീക്ഷണം പത്രത്തിന്റെ ചീഫ് എഡിറ്റർ തുടങ്ങി അദ്ദേഹത്തിനെ ഏൽപ്പിച്ച വ്യത്യസ്തമായ ചുമതലകൾ വളരെ ഭംഗിയായി നിർവ്വഹിക്കാൻ കഴിഞ്ഞിരുന്നു. കോവിഡ് മാനദണ്ഡങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിലും പതിനായിരക്കണക്കിനാളുകളാണ് മരണാനന്തരം അദ്ദേഹത്തിന് നൽകിയ സ്വീകരണങ്ങളിലും വിലാപയാത്രയിലും പങ്കെടുത്തത്. പരിസ്ഥിതി വിഷയങ്ങളിൽ അദ്ദേഹം സ്വീകരിച്ച നിലപാടുകൾ വിവാദങ്ങളുണ്ടാക്കിയെങ്കിലും എടുത്ത നിലപാടുകളിൽത്തന്നെ

അദ്ദേഹം ഉറച്ചുനിന്നു. വാളിന്റെ വായ്ത്തലപോലെ മൂർച്ചയുള്ള വാക്കുകൾ അദ്ദേഹം ഉന്നയിക്കുമ്പോൾ ശക്തനായൊരു പോരാളിയെയാണ് അദ്ദേഹത്തിൽ നമ്മൾ കണ്ടിട്ടുള്ളത്. ഉപ്പുതോട് ജനിച്ച ഗ്രാമീണ യുവാവ് ജനങ്ങളുടെ നേതാവായി മാറുകയും അതിശക്തമായ നിലപാടുകൾ സ്വീകരിച്ചും പഠനങ്ങൾ നടത്തി വിശദാംശങ്ങൾ അവതരിപ്പിച്ചുമാണ് മുന്നോട്ടുപോയിട്ടുള്ളത്. അദ്ദേഹത്തിന്റെ വിയോഗം കോൺഗ്രസ് പാർട്ടിക്കും യു.ഡി.എഫ്.-നും പൊതുജീവിതത്തിനും തീരാനഷ്ടമായി ഞാൻ കാണുന്നു. ആ പാവനസ്മരണയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, പി. ടി. തോമസിനെ സംബന്ധിച്ച് ബഹുമാന്യരായ സഭാനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ യോജിക്കുകയാണ്. അദ്ദേഹത്തിന്റെ മരണവാർത്ത അറിയുമ്പോൾ പി. ടി. തോമസുകൂടി അംഗമായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി യോഗം ചേർന്നുകൊണ്ടിരിക്കുകയായിരുന്നു. തുടർനടപടികളിലേയ്ക്ക് കടക്കാതെ അപ്പോൾത്തന്നെ യോഗം പിരിഞ്ഞു. അവിടെ നടന്ന ഒരു പരാമർശം ഇവിടെ സൂചിപ്പിക്കുന്നത് പ്രസക്തമാകുമെന്നാണ് എനിക്ക് തോന്നുന്നത്. എഴുപതാം വയസിലും ഒരു കെ.എസ്.യു. സ്പാർക്ക് നിലനിർത്താൻ കഴിഞ്ഞ ഒരു യുവനേതാവായി അദ്ദേഹം അവസാനംവരെ

നിലകൊണ്ടു. എഴുപത് വയസ് കഴിഞ്ഞിട്ടും നിയമസഭയിലെ ചെറുപ്പക്കാരുടെ പട്ടികയിൽ പി. ടി. തോമസിന്റെ പേരുകൂടി ചേർത്തുവയ്ക്കാനാണ് അറിഞ്ഞോ അറിയാതെയോ നമ്മൾ ഇഷ്ടപ്പെടുന്നതെന്ന വസ്തുത ഇവിടെ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സഭയെയും സഭാ സമിതികളെയും ഏറെ ഗൗരവത്തോടുകൂടി സമീപിച്ച ഒരു പാർലമെന്റേറിയനായിരുന്നു പി. ടി. തോമസ്. ലോക്സഭാംഗം ആയിരിക്കുമ്പോഴും അപ്രകാരമായിരുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു. സഭാ സമിതികളിൽ സജീവമായി പങ്കെടുത്തിരുന്നത് ഞാൻ ഈ ഘട്ടത്തിൽ ഓർമ്മിക്കുകയാണ്. കെ.എസ്.യു. സ്പാർക്ക് നിലനിർത്തി ഒഴുക്കിനെതിരെ നീന്തുമ്പോൾ സംഘടനയിലും പൊതുസമൂഹത്തിലും ആൾക്കൂട്ടത്തോടൊപ്പം നടന്നുനീങ്ങുകയായിരുന്നില്ല, സംഘടനയും മറ്റ് സംവിധാനങ്ങളും എതിർത്താലും തനിക്ക് ശരിയെന്ന് ബോദ്ധ്യപ്പെട്ട കാര്യങ്ങളോടൊപ്പം നിലനിൽക്കാൻ അവസാനംവരെ അദ്ദേഹം ശ്രമിച്ചിരുന്നു. അതേസമയം നിയമസഭയിലെ ഏത് സന്ദർഭത്തെയും പാർട്ടിക്കുവേണ്ടി ഉപയോഗിക്കാനും പരിശ്രമിച്ചിരുന്നു. നിരവധി കാര്യങ്ങൾ കുത്തിക്കുറിച്ചുകൊണ്ടാണ് അദ്ദേഹം നിയമസഭയിൽ വരുന്നതെന്ന് ബഹുമാന്യനായ പി. ജെ. ജോസഫ് പറഞ്ഞു. അങ്ങനെ

കുത്തിക്കുറിച്ചുകൊണ്ടുവരുന്ന കാര്യങ്ങൾ അന്നുതന്നെ നിയമസഭയിൽ പ്രയോഗിച്ചശേഷംമാത്രമേ അദ്ദേഹം ഇവിടെനിന്ന് മടങ്ങുകയുള്ളൂ. അതിന് എങ്ങനെയും അവസരമുണ്ടാക്കും. അത്തരത്തിൽ സംഘടനയ്ക്കുവേണ്ടി ഏത് അവസരവും അദ്ദേഹം ഉപയോഗപ്പെടുത്തി. തന്റെ നിലപാടുകളോട് സംഘടന യോജിച്ചിട്ടില്ലെങ്കിൽപോലും പാർട്ടിക്കും പാർട്ടിയുൾപ്പെടുന്ന മുന്നണിക്കുംവേണ്ടി നിയമസഭയിലെ എല്ലാ അവസരവും ഉപയോഗിക്കാൻ അവസാനംവരെ അദ്ദേഹം പരിശ്രമിച്ചതും ഞാൻ ഇത്തരുണത്തിൽ അനുസ്മരിക്കുകയാണ്. അദ്ദേഹം ആദ്യമായി നിയമസഭയിൽ വന്നപ്പോൾ വളരെ സജീവമായിരുന്ന വിഷയമാണ് അന്തർ സംസ്ഥാന നദീജല തർക്കം. അന്ന് ടി. എം. ജേക്കബ് ജലവിഭവ വകുപ്പുമന്ത്രിയായിരുന്നുവെന്നാണ് എന്റെ ഓർമ്മ. ഇതുമായി ബന്ധപ്പെട്ട് അന്ന് നിയോഗിക്കപ്പെട്ട ഒരു സമിതിയിൽ അംഗമായി സജീവമായി പ്രവർത്തിക്കാനും അവസാനംവരെ അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ തന്റെ അഭിപ്രായങ്ങൾ നിലനിർത്താനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥി സംഘടനാ നേതാവായിരുന്ന കാലഘട്ടം മുതൽ പരിചയപ്പെടാനും അദ്ദേഹവുമായി അടുത്ത് ഇടപഴകാനും എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. സജീവമായ, ശക്തമായ രാഷ്ട്രീയ നിലപാടുകൾ സംഘടനാതലത്തിലെടുത്ത് സഭയ്ക്കകത്തും സഭയ്ക്കുപുറത്തും

അവ പ്രഖ്യാപിക്കുമ്പോഴും എല്ലാവരോടും വ്യക്തിപരമായ സ്നേഹബന്ധം പുലർത്താൻ പി. ടി. തോമസ് ശ്രദ്ധിച്ചിരുന്നുവെന്നത് ഞാൻ സ്മരിക്കുന്നു. അനുകരണീയമായ പല മാതൃകകളും അവശേഷിപ്പിച്ചാണ് നമ്മെ വിട്ടുപിരിഞ്ഞത്. ആ ധന്യജീവിതത്തിന്റെ സ്മരണയ്ക്കുമുന്നിൽ ഞാനും എന്റെ കക്ഷിയും പ്രണാമമർപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങും സഭയും പ്രകടിപ്പിച്ച പൊതുവായ അഭിപ്രായങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ജാഗ്രതയോടെ സഭാ നടപടികളിൽ ഇടപെട്ടിരുന്ന ഒരു സാമാജികനായിരുന്നു പി. ടി. തോമസ് എന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ച അവസരത്തിൽ എനിക്ക് ഓർമ്മവന്നത്, അറ്റൻഡൻസ് ഏറ്റവും കുറയുന്ന വെള്ളിയാഴ്ച ദിവസങ്ങളിൽപ്പോലും പി. ടി. തോമസ് അദ്ദേഹത്തിന്റെ കസേരയിൽത്തന്നെയുണ്ടാകും. സ്വകാര്യ ബില്ലുകൾക്കുപോലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളും ഇടപെടലുകളുമുണ്ടാകും. സഭയുടെ ഓരോ നടപടികളും വളരെ ഗൗരവമായി കണ്ടിരുന്ന സാമാജികരിൽ ഒരാളായിരുന്നു പി. ടി. തോമസ്. അദ്ദേഹത്തിന്റെ വാക്കുകൾ വളരെ മൂർച്ചയേറിയതാണ്. എന്നാൽ മനസ്സിൽ നന്മനിറഞ്ഞ സമീപനമാണ് അപ്പോഴും മുന്നോട്ടുവച്ചിരുന്നത്. നീതിയുടെയും നിലപാടുകളുടെയും ബോധ്യത്തിന്റെയും

ഉറച്ച ശബ്ദമാണ് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ ആ നിലപാടുകൾ വ്യക്തിപരമോ രാഷ്ട്രീയപരമോ ആയ നഷ്ടങ്ങൾ അദ്ദേഹത്തിന് ഉണ്ടാക്കിയിട്ടുണ്ടാകാം. അത്തരത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽപ്പോലും അതിനെക്കാൾ വലിയ സ്ഥാനമാണ് ജനങ്ങളുടെ മനസ്സിൽ അദ്ദേഹത്തിന് ഉണ്ടായിരുന്നതെന്നത് അദ്ദേഹത്തിന്റെ സംസ്കാരവേളയിൽ കടന്നുവന്ന ആയിരങ്ങളിലൂടെ നമ്മൾ കണ്ടതാണ്. മരണത്തെപ്പോലും അദ്ദേഹം വ്യത്യസ്തമാക്കിയിരുന്നു. മരണം ഇത്രയും മനോഹരമാക്കാമെന്നതും പി. ടി. തോമസ് ലോകത്തിന് കാണിച്ചുകൊടുത്തു. യഥാർത്ഥത്തിൽ മരണം പി. ടി. തോമസിനുമുന്നിൽ പരാജയപ്പെടുകയാണുണ്ടായത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ശിരസ് നമിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, പ്രതിപക്ഷത്തായിരുന്നാലും സഹോദരതുല്യനായൊരു സുഹൃത്തായിരുന്നു പി. ടി. തോമസ്. അദ്ദേഹവും ഞാനുമായുള്ള സാമ്യം, അദ്ദേഹം പുത്തൻപറമ്പിൽ തോമസ് തോമസും ഞാൻ കളത്തിൽപറമ്പിൽ തോമസ് തോമസുമാണ്. പി. ടി. തോമസുമായി ഏറ്റവും കൂടുതൽ ബന്ധമുണ്ടായിരുന്നത് എന്റെ സഹോദരൻ തോമസ് ചാണ്ടിക്കാണ്. ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും

പ്രതിപക്ഷനേതാവുമൊക്കെ ഇവിടെ പി. ടി. തോമസിനെക്കുറിച്ച് നിരവധി കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. 2012 -ൽ പി. ടി. തോമസ് കുവൈറ്റിൽ വന്നിരുന്നു. അന്ന് വളരെ പ്രതിസന്ധിയിൽക്കൂടി കടന്നുപോയ സമൂഹമാണ് പ്രവാസികൾ. ഇന്ത്യൻ എംബസിയിൽ മലയാളികളായ ഉദ്യോഗസ്ഥരില്ലാതെ വളരെ ബുദ്ധിമുട്ടിയിരുന്നു. ഈ വിവരം ഞാൻ പി. ടി. തോമസിനെ രേഖാമൂലവും ടെലിഫോൺ മുഖേനയും അറിയിച്ചു. ഇടുക്കി അസോസിയേഷന്റെ ഒരു മീറ്റിംഗിന് അദ്ദേഹം കുവൈറ്റിൽ വരികയും ആ വിഷയത്തിൽ ഇടപെടുകയും ഇന്ത്യൻ എംബസിയിൽ മലയാളികളുടെ പ്രശ്നം പരിഹരിക്കാനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാൻ ഇടപെടുകയും ചെയ്തു. അന്ന് എനിക്കവിടെ Hi-Dine എന്നൊരു റെസ്റ്റോറന്റുണ്ടായിരുന്നു, അവിടെവച്ചാണ് മീറ്റിംഗ് നടന്നിരുന്നത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും പ്രിയങ്കരനായ മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയുമുൾപ്പെടെ നിരവധി നേതാക്കൾ അവിടെ വന്നിട്ടുണ്ട്. മലയാളികൾക്ക് പ്രത്യേക പരിഗണനയില്ലാതിരുന്ന ഇന്ത്യൻ എംബസിയിൽ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാൻ പി. ടി. തോമസിന്റെ ഇടപെടൽമൂലം സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വിയോഗം വളരെയധികം ദുഃഖമുളവാക്കുന്നതാണ്. ജീവിതത്തിൽ നികത്താനാകാത്ത ഒരു വിടവാണ്

പി. ടി. തോമസിന്റെ മരണംമൂലം സംഭവിച്ചിരിക്കുന്നതെന്നും ആരൊക്കെയോ നഷ്ടപ്പെട്ടുവെന്ന തോന്നൽ ഉളവാക്കുന്നുവെന്നുമാണ് കഴിഞ്ഞദിവസം എറണാകുളത്തുനിന്നും ഒരു വ്യക്തി എന്നെ കാണാൻ വന്നപ്പോൾ പറഞ്ഞത്. ആ സമയത്ത് എന്റെ ഹൃദയത്തിൽ വലിയ ഭാരമനുഭവപ്പെടാൻ കാരണം തോമസ് ചാണ്ടിയുടെ വേർപാട് ഹൃദയത്തിൽ വളരെയധികം ആഘാതം ഏൽപ്പിച്ചിരുന്നു, അതിൽനിന്നും ഇതുവരെയും മോചിതനായിട്ടില്ല. പി. ടി. തോമസിന്റെ മരണം പ്രിയപ്പെട്ടവർക്കുണ്ടാക്കിയ ആഘാതമെന്താണെന്ന് മനസ്സിലാക്കാൻ എനിക്ക് സാധിച്ചു. പി. ടി. തോമസ് മറ്റുള്ളവരിൽനിന്നും പ്രത്യേകതയുള്ള, മനുഷ്യന്റെ ഹൃദയവേദന മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിവുള്ളൊരു വ്യക്തിയാണെന്നത് സംശയലേശം തെളിഞ്ഞിട്ടുള്ളതാണ്. ഈ അവസരത്തിൽ എന്റെയും പാർട്ടിയുടെയും പ്രത്യേകിച്ച് കുട്ടനാട് ദേശക്കാരുടെയും കുവൈറ്റിലെ പ്രിയപ്പെട്ടവരുടെയും പ്രണാമം അർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, പി. ടി. തോമസിന്റെ ആകസ്മിക വിയോഗത്തിൽ അഗാധമായ ദുഃഖവും അനുശോചനവും അറിയിക്കുന്നു. തന്റെ വാദങ്ങൾ സഭയ്ക്കകത്തും പുറത്തും തീവ്രമായി അവതരിപ്പിക്കുന്നതിന് അദ്ദേഹം

എപ്പോഴും ശ്രദ്ധിച്ചിരുന്നു. സഭയിൽ വിരസമായി മാറുന്ന ചർച്ചകൾപോലും മൂർച്ചയുള്ള വാക്കുകളാൽ ജീവസ്സുറ്റതാക്കാൻ പി. ടി. തോമസിന് സാധിച്ചിരുന്നു. വിയോഗത്തെയും വ്യതിരിക്തമാക്കിയാണ് പി. ടി. തോമസ് വിസ്മയിപ്പിച്ചത്. അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുകയും സഭയുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

തന്റെ ബോദ്ധ്യങ്ങളിൽനിന്ന് വ്യതിചലിക്കാൻ ഒറ്റപ്പെടുത്തലുകൾക്കോ കുറ്റപ്പെടുത്തലുകൾക്കോ സ്ഥാനനഷ്ടങ്ങൾക്കോ കഴിയില്ലെന്ന് തെളിയിച്ച കോൺഗ്രസ്സുകാരനായിരുന്നു പി. ടി. തോമസ്. എതിർ ചേരിയിലുള്ളവരോടും വ്യക്തിപരമായ സൗഹൃദം കാത്തുസൂക്ഷിക്കുന്നതിൽ പി. ടി. തോമസ് നിഷ്ഠ പുലർത്തിയിരുന്നുവെന്ന കാര്യം നമുക്കെല്ലാം അനുഭവമുള്ളതാണ്. ജനപ്രതിനിധിയെന്ന നിലയിലും കോൺഗ്രസിന്റെ വർക്കിംഗ് പ്രസിഡന്റെന്നുള്ള നിലയിലും ഏറ്റവും ക്രിയാത്മകമായി പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോഴാണ് പി. ടി. തോമസിനെ കേരളത്തിന് നഷ്ടമായത്. ജനപ്രതിനിധിയെന്ന നിലയിൽ തന്റെ നിയോജകമണ്ഡലത്തിലെ താഴെക്കിടയിലുള്ളവരുമായി ബന്ധം പുലർത്തുന്നതിനും അതുവഴി അവരുടെ സാമ്പത്തികവും സാംസ്കാരികവുമായ ഉന്നമനത്തിനും പി. ടി. തോമസ് ശ്രദ്ധിച്ചിരുന്നു. രാഷ്ട്രീയത്തിൽ മാത്രമല്ല

താൽപര്യം കാട്ടിയിരുന്നത്, സാംസ്കാരികവും പാരിസ്ഥിതികവുമായ വിഷയങ്ങളിലും അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു. ഇങ്ങനെ വിവിധ മേഖലകളിൽ നടത്തിയ ഇടപെടലുകളാണ് പി.ടി.-യെ വ്യതിരിക്തനാക്കുന്നത്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, നേതാക്കന്മാർ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കഴിഞ്ഞ സമ്മേളനത്തിൽ നമ്മളിലൊരാളായി നമ്മോടൊപ്പമുണ്ടായിരുന്ന പി. ടി. തോമസ് ഇന്ന് ഇല്ലെന്ന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ ഇപ്പോഴും കഴിയുന്നില്ല. നിർഭയമായി നീതിബോധമുയർത്തിപ്പിടിച്ച് പൊതുജനസേവനം നിർവ്വഹിച്ച പൊതു പ്രവർത്തകനാണ് പി. ടി. തോമസ്. ഒഴുക്കിനെതിരെ നീന്തി വിജയിക്കാൻ ആഗ്രഹിച്ച നേതാവായിരുന്നു പി. ടി. തോമസ്. അദ്ദേഹത്തിന്റെ പാവന സ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ള നേതാക്കന്മാർ ഇവിടെ രേഖപ്പെടുത്തിയ ഹൃദയസ്പന്ദനത്തോട് ഞാനും പങ്കുചേരുകയാണ്. സഭയിൽ

നമ്മോടൊപ്പമുണ്ടായിരുന്ന പി. ടി. തോമസിന്റെ അപ്രതീക്ഷിതമായ അകാല അസാന്നിദ്ധ്യം നമ്മെയെല്ലാവരെയും ഒരുപോലെ വേദനിപ്പിക്കുകയാണ്. അദ്ദേഹം നിറസാന്നിദ്ധ്യമായിരുന്നു. കെ.എസ്.യു.-വിന്റെ പടവുകളിലൂടെ രാഷ്ട്രീയത്തിന്റെ പ്രവിശാലതയിലേയ്ക്ക് കടന്നുവന്ന പി. ടി. തോമസ് നിയമസഭയിൽ നാലുതവണ അംഗമായിരുന്നു. ഒരു തവണ പാർലമെന്റ് അംഗമായിരുന്നു. പാർലമെന്റേറിയനെന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ സംഭാവനകൾ വളരെ ശ്രദ്ധാപൂർവം വിലയിരുത്തപ്പെടേണ്ടതാണ്. പാർലമെന്റ് അംഗമായിരുന്നപ്പോൾ അദ്ദേഹം ഒൻപത് സ്വകാര്യ ബില്ലുകൾ അവതരിപ്പിച്ചത് ശ്രദ്ധേയമായ നടപടിയായിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ട് സ്വാഗതംചെയ്തുകൊണ്ട് അത് നടപ്പാക്കണമെന്ന പി.ടി.-യുടെ നിലപാട് വിവാദപരമായിരുന്നു. അതുസംബന്ധിച്ച് എതിർപ്പുകൾ നേരിടേണ്ടിവന്നു. എന്നാലും ഏത് കൊടുങ്കാറ്റിനുമുന്നിലും ആത്മധൈര്യത്തോടെ നിലയുറപ്പിക്കാൻ കഴിഞ്ഞതാണ് പി. ടി. തോമസിന്റെ രാഷ്ട്രീയ സ്ഥൈര്യം. എപ്പോഴും അദ്ദേഹത്തിൽ വ്യക്തമായ വേറിട്ടൊരു വ്യക്തിത്വം കാണാൻ കഴിഞ്ഞിരുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ സംസാരിച്ച എല്ലാവരും അദ്ദേഹത്തെക്കുറിച്ച് വിവിധ കാര്യങ്ങൾ പറഞ്ഞു.

ജീവിതത്തിന്റെ ദുർഗ്ഗമങ്ങളായ വഴിയിലൂടെ കടന്നുവന്ന അനുഭവങ്ങളിലൂടെ രൂപപ്പെടുത്തിയ അദ്ദേഹത്തിന്റെ നിലപാടുകളും കാഴ്ചപ്പാടുകളും പ്രവർത്തനങ്ങളും തികച്ചും അഭിനന്ദനീയവും അനുകരണീയവുമാണ്. ഇവിടെ ബഹുമാന്യരായ അംഗങ്ങൾ രേഖപ്പെടുത്തിയ വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. അദ്ദേഹത്തിന്റെ കുടുംബവും സുഹൃത്തുക്കളും നേരിടുന്ന ദുഃഖം വാക്കുകളിലൂടെ രേഖപ്പെടുത്താൻ സാധിക്കാത്തവിധം അപാരമാണ്. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന സന്ദർഭത്തിൽ പി. ടി. തോമസിന്റെ സ്മരണയ്ക്ക് മുന്നിൽ ഞാൻ സ്നേഹാദരപൂർവ്വം പ്രണമിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, നമ്മുടെയെല്ലാം പ്രിയപ്പെട്ട പി. ടി. തോമസ്, പി. ടി. ഏട്ടനെന്ന് സ്നേഹത്തോടെ വിളിച്ചിരുന്ന എന്റെ സഹപ്രവർത്തകനെയും സഹോദരനെയുമാണ് നമുക്ക് നഷ്ടപ്പെട്ടത്. അദ്ദേഹത്തിന്റെ മരണവാർത്ത കേട്ടപ്പോൾ വളരെ ഞെട്ടലോടെ എന്നല്ല, ശരിക്കും എന്ത് സംഭവിച്ചുവെന്ന് അറിയാത്ത ഒരു അവസ്ഥയിലായിരുന്നു. അദ്ദേഹത്തിന് രോഗമുണ്ടായിരുന്നുവെന്ന് ഒരിക്കൽപ്പോലും തോന്നിയിട്ടില്ല. ഇടക്കാലത്ത് അദ്ദേഹം സഭയിൽ കുറച്ചുദിവസം വരാതിരുന്നതിനാൽ അദ്ദേഹം എവിടെയെന്ന് ചോദിച്ചപ്പോൾ ചികിത്സയിലാണെന്നാണ്

അറിഞ്ഞത്. പിന്നീട് അദ്ദേഹം തിരിച്ചുവന്നു. മരണം സംഭവിക്കുന്നതിന് തൊട്ടുമുമ്പ് നടന്ന സഭാ സമ്മേളനത്തിൽപ്പോലും വളരെ സജീവമായ ഇടപെടലുകൾ നടത്തിയിരുന്നു. അദ്ദേഹം പലപ്പോഴും വളരെ തിരക്കോടുകൂടി പുറത്തുനിന്ന് അകത്തേയ്ക്കും അകത്തുനിന്ന് പുറത്തേയ്ക്കും കുറെ പേപ്പറുകളുമായി വരും. ഞാൻ ഒരുദിവസം അവിടെവച്ച് അദ്ദേഹത്തോട് പി. ടി. ഏട്ടൻ വലിയ തിരക്കിലാണല്ലോയെന്ന് ചോദിച്ചു. അപ്പോൾ, ഗണേഷ് കുമാറെ ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട് അതിന്റെ ഓട്ടത്തിലാണെന്ന് അദ്ദേഹം പറഞ്ഞു. പക്ഷേ ആ വാക്കുകൾ ഇന്ന് ഓർക്കുമ്പോൾ മനസ്സിൽ തട്ടുകയാണ്. കാരണം ഒരുപാട് കാര്യങ്ങൾ കുറഞ്ഞ സമയത്തിനുള്ളിൽ എനിക്ക് ഇനി ചെയ്തുതീർക്കാനുണ്ടെന്നുള്ള തിരക്ക്, സാധാരണ അദ്ദേഹത്തിന്റെ ജീവിതത്തിൽ എപ്പോഴുമുള്ള ഒരു തിരക്കാണ്. എല്ലാ സ്ഥലത്തും ഓടിയെത്തും; എല്ലാ വിഷയത്തിലും ഇടപെടും. അറിയാവുന്ന കാര്യങ്ങളിലൊക്കെ തന്റേതായ അഭിപ്രായം പറയും. എന്തെങ്കിലും അഭിപ്രായം പറയുകയല്ല. ഇവിടെ ശ്രീ. മാത്യു ടി. തോമസ് പറഞ്ഞതുപോലെ സഭയിൽ വന്നാൽ കൊണ്ടുവരുന്ന കടലാസ് ഏതെങ്കിലുമൊരു സന്ദർഭത്തിൽ വൈകിട്ട് നാലുമണിക്ക് മുമ്പേ അവതരിപ്പിക്കാതെ അദ്ദേഹം പിന്മാറില്ല. പറഞ്ഞകാര്യത്തിൽ

ഉറച്ചുനിൽക്കുകയും ചെയ്യും. ഇങ്ങനെ പേപ്പറുകൾകൊണ്ട് തിരക്കോടെ വരുമ്പോൾ എന്താണ് തിരക്കെന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, ഒരുപാട് കാര്യങ്ങൾ ചെയ്യാനുണ്ട് അതിന്റെ ഓട്ടത്തിലാണെന്നാണ്. പക്ഷേ തന്റെ ജീവിതത്തിന്റെ ദൈർഘ്യം കുറഞ്ഞതാണ് ആ സമയത്തിനുള്ളിൽ ചെയ്തുതീർക്കണമെന്ന ആഗ്രഹത്തിന് കാരണമായിരുന്നതെന്ന് ഇപ്പോൾ ഓർക്കുമ്പോഴാണ് നമുക്ക് തോന്നുന്നത്. അദ്ദേഹം നല്ല സഹപ്രവർത്തകനാണ്. പരിസ്ഥിതിയെ സംബന്ധിച്ച അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഞാൻ നേരിട്ട് കേൾക്കുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ളതാണ്. തന്റെ കാഴ്ചപ്പാടിൽ ഉറച്ചുനിൽക്കുന്ന, ഇങ്ങനെ വേണമെന്ന് പറഞ്ഞാൽ അങ്ങനെതന്നെ വേണം. അതിൽനിന്ന് മാറില്ല, നമ്മൾ എത്ര പറഞ്ഞ് മനസ്സിലാക്കിയാലും അദ്ദേഹം പഠിച്ചുകൊണ്ടാണ് വരുന്നത്. അത്രയുമൊരു നന്മയുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്പീക്കറും പ്രതിപക്ഷ നേതാവും എല്ലാവരും ധാരാളം കാര്യങ്ങൾ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞു. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ, കേരളത്തിൽ മൂന്നരക്കോടി ജനങ്ങളുണ്ട്. അതിൽ നല്ലൊരു ശതമാനവും രാഷ്ട്രീയത്തെപ്പറ്റി വലിയ താല്പര്യവും ബോധവുമുള്ളവരല്ല. അവർക്ക് രാഷ്ട്രീയബോധമുണ്ട്, തെരഞ്ഞെടുപ്പ് വരുമ്പോൾ നല്ല

സ്ഥാനാർത്ഥി ആരാണെന്ന് നോക്കി വോട്ട് ചെയ്യും. എന്നാൽ ഒരു രാഷ്ട്രീയക്കാരനെ പിന്തുടരുന്നവരും നമ്മളെപ്പോലെയുള്ള രാഷ്ട്രീയപ്രവർത്തകരെയും എം.എൽ.എ.-മാരെയും മന്ത്രിമാരെയുമൊക്കെ ഫോളോ ചെയ്യുന്നവരും വളരെ കുറവാണ്. പക്ഷേ ആരും ഫോളോ ചെയ്തില്ലെങ്കിൽപ്പോലും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള കേരളത്തിലെ ജനങ്ങൾ ഒരുദിവസംകൊണ്ട് ഒരാളെ പിന്തുടരും; അത് പ്രിയപ്പെട്ട പി. ടി. ഏട്ടനെയാണ്. കാരണം അദ്ദേഹത്തിന്റെ അന്ത്യാഭിലാഷം, വയലാറിന്റെ മനോഹരമായ, അർത്ഥവത്തായ ഗാനം. അദ്ദേഹത്തെ രാഷ്ട്രീയ ജീവിതത്തിലും വ്യക്തിജീവിതത്തിലും വേട്ടയാടിയവർക്കുള്ള മറുപടി അദ്ദേഹത്തിന്റെ അന്ത്യാഭിലാഷത്തിലുണ്ട്. മതേതരത്വത്തിന്റെ ഏറ്റവും വലിയ വക്താവായിരുന്ന പി. ടി. തോമസ് എന്നതാണ് സംസ്കാര ചടങ്ങുകൾ തെളിയിക്കുന്നത്. അദ്ദേഹത്തിന്റെ നേത്രങ്ങൾ ദാനം ചെയ്തു. രാഷ്ട്രീയമറിയാത്ത, രാഷ്ട്രീയം ശ്രദ്ധിക്കാത്ത, സാധാരണക്കാരായ സ്ത്രീകളും പാവപ്പെട്ട തൊഴിലാളികളുമടങ്ങുന്ന വലിയൊരു സമൂഹത്തിന്റെ ഹൃദയത്തിലേയ്ക്ക് വലിയ സ്ഥാനം നേടി കടന്നുചെന്നുവെന്നുള്ളത് ആ രാഷ്ട്രീയ പ്രവർത്തകന്റെ/പൊതുപ്രവർത്തകന്റെ ജീവിതത്തിലെ വലിയ തെളിവാണ്. അദ്ദേഹം നാല് തവണ എം.എൽ.എ. ആയതും ഒരു തവണ

എം. പി. ആയതുമല്ല, നമ്മുടെയെല്ലാം ഹൃദയത്തിൽ ഒരുനിമിഷംകൊണ്ട് വന്നുനിറഞ്ഞ വലിയൊരു രാഷ്ട്രീയ വ്യക്തിത്വമായി പി. ടി. ഏട്ടന് മാറാൻ കഴിഞ്ഞുവെന്നത് എന്നെ അത്ഭുതപ്പെടുത്തിയ കാര്യമാണ്, അതുതന്നെയാണ് ജനങ്ങൾക്കുമുള്ളത്. തീർച്ചയായിട്ടും അദ്ദേഹത്തെപ്പോലെ മനസ്സിൽ ഇത്രയധികം നന്മകൾ സൂക്ഷിച്ചിരുന്ന, ഒരുപക്ഷേ നമ്മൾ തിരിച്ചറിയാതെപോയ നന്മകൾ സൂക്ഷിച്ചിരുന്ന വ്യക്തി നമ്മളെ വിട്ടുപിരിഞ്ഞതിലുള്ള വേർപാടിന്റെ ദുഃഖം സഭയ്ക്കുമാത്രമല്ല, നാടിനും ആ കുടുംബത്തിനും വന്ന ദുഃഖത്തിൽ പങ്കുചേരുകയും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് എന്റെയും എന്റെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയും അനുശോചനം ഇവിടെ അറിയിക്കുകയും ചെയ്യുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്ത് വന്ന പി. ടി. തോമസ് നിയമനിർമ്മാണത്തിലും അതോടൊപ്പംതന്നെ നാടിന്റെ നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിലും സജീവമായി ഇടപെട്ടുകൊണ്ട് പ്രവർത്തിച്ചിരുന്നു. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഇവിടെ നോക്കുമ്പോൾ ഒരു ശൂന്യത അനുഭവപ്പെടുന്നുണ്ട്. ഈ സഭയിൽ നടക്കുന്ന കാര്യങ്ങളിലൊക്കെ അദ്ദേഹം വളരെ ഗ്രാഹ്യത്തോടെ ഇടപെട്ട് സംസാരിക്കുന്നത് പാഠമാക്കാൻ ഞങ്ങൾ

ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ വിയോഗം രാഷ്ട്രീയരംഗത്ത് മാത്രമല്ല, എല്ലാരംഗത്തും തീരാനഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ പ്രവർത്തനവും പൊതുപ്രവർത്തനവും അദ്ദേഹം ചെയ്ത എല്ലാ കാര്യങ്ങളും ഒരു പാഠപുസ്തകമാക്കണം. അദ്ദേഹം നിയമസഭയിൽ പറഞ്ഞ കാര്യങ്ങളിൽ ഓരോ വാക്കും അർത്ഥഗർഭവും എപ്പോഴും ഓർമ്മിക്കത്തക്കവയുമാണ്. അദ്ദേഹത്തിന്റെ ഓരോ പ്രവർത്തനങ്ങളെയും അദ്ദേഹത്തെയും ഓർക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും നാടിനുമുണ്ടായ ദുഃഖത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ജനാധിപത്യ കേരളത്തിനും ഈ നിയമനിർമ്മാണസഭയ്ക്കും നിലപാടുകളുടെ രാഷ്ട്രീയത്തിനും വലിയ നഷ്ടം തന്നെയാണ് പി. ടി. തോമസിന്റെ നിര്യാണത്തിലൂടെ ഉണ്ടായിരിക്കുന്നത്. വ്യക്തിപരമായി എനിക്കേറെ വിഷമമുണ്ടാക്കിയൊരു മരണമായിരുന്നു അദ്ദേഹത്തിന്റേത്. ഒരു പുതിയ സാമാജികയായി ഈ സഭയിലേയ്ക്ക് കയറിവരുമ്പോൾ പി. ടി. തോമസ് ഒരു ധൈര്യമായിരുന്നു. എന്റെ കുടുംബത്തിനുണ്ടായ തീരാവേദനയിൽ താങ്ങായി, തണലായി, ജ്യേഷ്ഠതുല്യനായി പി. ടി. തോമസ് എന്നുമുണ്ടായിരുന്നു. ജീവിതം കൊണ്ട് നയിച്ച ഒരു സമരമായിരുന്നു പി. ടി.-യുടെ രാഷ്ട്രീയം. തന്റെ മനഃസാക്ഷിക്ക്

ബോദ്ധ്യമുള്ള വിഷയങ്ങളിൽ വ്യക്തിപരമായി എന്ത് നഷ്ടം സഹിച്ചും ഏതറ്റംവരെയും നിർഭയം സഞ്ചരിക്കാനുള്ള അദ്ദേഹത്തിന്റെ വിസ്മയകരമായ നിശ്ചയദാർഢ്യം തീർച്ചയായും കേരള രാഷ്ട്രീയത്തിന്റെ ഒരു ചരിത്രമാണെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുപോലെ വ്യക്തിപരമായ ജീവിതത്തിൽ ഇടതുപക്ഷമൂല്യങ്ങൾ കാത്തുസൂക്ഷിച്ച ഒരു നേതാവായിരുന്നു പി. ടി. തോമസ് എന്ന് പറയാതിരിക്കാൻ കഴിയില്ല. തീർച്ചയായും അദ്ദേഹത്തിന്റെ ജീവിതം പുതിയകാലത്തെ രാഷ്ട്രീയനേതാക്കന്മാർക്ക് മാതൃകയാക്കാവുന്നതാണ്. അതുപോലെ പി. ടി. തോമസിന്റെ പാരിസ്ഥിതിക ജാഗ്രതയുടെ രാഷ്ട്രീയം നെഞ്ചേറ്റി നടന്ന ആ സ്മരണ തീർച്ചയായും ജനാധിപത്യ രാഷ്ട്രീയത്തിന് മറക്കാൻ കഴിയാത്തതാണ്. അതുപോലെ തികവുറ്റ മതേതര ജീവിതം നയിച്ച പി. ടി. തോമസ് വ്യക്തി ജീവിതത്തിലുടനീളം ജനാധിപത്യമൂല്യങ്ങൾ കാത്തുസൂക്ഷിക്കാൻ ജാഗ്രത കാണിച്ചുവെന്നാണ് പറയാനുള്ളത്. അത് അദ്ദേഹത്തിന്റെ മരണപത്രം തന്നെ നമുക്ക് വ്യക്തമായി, കൃത്യമായി കാണിച്ചുതരികയാണ്. ആ ജീവിത കാഴ്ചപ്പാടിന്റെ മൗലിക സൗന്ദര്യമാണ് തീർച്ചയായും അതിലൂടെ കാണാൻ കഴിയുന്നത്. 'ഈ മനോഹരതീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി' എന്ന പാട്ട് തീർച്ചയായും പി. ടി.-യുടെ ഓർമ്മകൾ ഈ മനോഹരതീരത്ത്

മനുഷ്യരുള്ള കാലത്തോളം നിലനിൽക്കുകതന്നെ ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ എന്റെയും എന്റെ പാർട്ടിയുടെയും ആദരാഞ്ജലിയർപ്പിക്കുന്നു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, പി. ടി. തോമസ് നമ്മളിൽ ഒരോർമ്മയായി മാറിയിരിക്കുകയാണ്. മലയാളികൾക്ക് മറക്കാനാകാത്ത ഒരു പേരാണ് പി. ടി. തോമസ്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ വളർന്ന് കേരള രാഷ്ട്രീയത്തിന്റെ ഏറ്റവും ഉന്നതതലങ്ങളിൽ വന്ന ഒരു നല്ല നേതാവിനെയാണ് മലയാളികൾക്കും സഭയ്ക്കും നഷ്ടമായിട്ടുള്ളത്. നല്ല പ്രാസംഗികൻ, എഴുത്തുകാരൻ, പരിസ്ഥിതി പ്രവർത്തകൻ, മികച്ച സംഘാടകൻ എന്ന നിലകളിലെല്ലാം പി. ടി. തോമസ് മാറുകയായിരുന്നു. പി. ടി. തോമസിന്റെ വേർപാടിൽ കുടുംബാംഗങ്ങളോടൊപ്പം അവരുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: സർ, അങ്ങ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മറ്റ് ഘടകകക്ഷി നേതാക്കളെല്ലാം സംസാരിച്ച കാര്യങ്ങളോട് ഞാനും യോജിക്കുന്നു. രാഷ്ട്രീയത്തിൽ ലാഭനഷ്ടങ്ങൾ നോക്കാതെ തളരാത്ത പോരാട്ടവീര്യമായി തന്റെ ശരികൾക്കൊപ്പം നിലനിന്ന നേതാവായിരുന്നു പി. ടി. തോമസ്. രാഷ്ട്രീയ

കക്ഷി, ജാതിമത ഭേദമെന്യേ വലിയൊരു സുഹൃദ്‍വലയത്തിന് ഉടമയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണം കേരള രാഷ്ട്രീയത്തിന് ഒരു തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എനിക്കുള്ള അഗാധമായ ദുഃഖം ഞാൻ രേഖപ്പെടുത്തുന്നു.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഫെബ്രുവരി 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.55-ന് പിരിഞ്ഞു.)

* * * * * *